പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1966 | 05.12.2018 ൽ മറുപടിയ്ക്ക്

## ഇ-ഓഫീസ് സംവിധാനം

| ചോദ്യം<br>**ശ്രീ. എൽദോ എബ്രഹാം** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സെക്രട്ടേറിയേറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 15 സബ് കളക്ടറേറ്റുകൾ, 2 താലൂക്ക് ഓഫീസുകൾ, ഒരു വില്ലേജ് ഓഫീസ്, 39 ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ എന്നിവിടങ്ങളിൽ ഇതിനോടകം ഇ-ഓഫീസ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതുമൂലം ഭരണരംഗത്ത് ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയത് വഴി ഓൺലൈനായി ഏത് സമയത്തും ഫയലുകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുകയും അതുവഴി ഫയൽ നീക്കം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (സി) | എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |

Saju

**സെക്ഷൻ ഓഫീസർ**